REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-09-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദി, ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറുമായി ഇന്ന് ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തും.**
- **ഇന്ത്യ, EOS-05 ഭൗമ നിരീക്ഷണ ഉപഗ്രഹം നാളെ വിക്ഷേപിക്കും.**
- **നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,250 ആയി.**
- **മാനവ വിഭവ ശേഷി ലഭ്യമാക്കുന്നതിന് പകരം സ്വന്തമായി സാങ്കേതികവിദ്യയും ഉത്പന്നങ്ങളും നിർമിക്കുന്ന തലത്തിലേക്ക് സംസ്ഥാനം വളരണമെന്ന് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി.**
- **ഏഷ്യ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ, ഗ്രൂപ്പ് 'എ' യിലെ രണ്ടാമത്തെ മത്സരത്തിൽ ഇന്ത്യ ഇന്ന് ഹോങ്കോങ്ങിനെ നേരിടും.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി ബെൽജിയം പ്രധാനമന്ത്രി ബാർട്ട് ഡി വെവറുമായി ഇന്ന് ന്യൂഡൽഹിയിൽ ഉഭയകക്ഷി ചർച്ച നടത്തും. ഉഭയകക്ഷി ബന്ധങ്ങളുടെ സമസ്ത മേഖലകളെക്കുറിച്ചും പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ചും ഇരു നേതാക്കളും ചർച്ച ചെയ്യും.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്...........

മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി ബെൽജിയം പ്രധാനമന്ത്രി ഇന്നലെയാണ് ന്യൂഡൽഹിയിൽ എത്തിയത്. ബെൽജിയം പ്രതിരോധ മന്ത്രി തിയോ ഫ്രാങ്കനും അദ്ദേഹത്തോടൊപ്പമുണ്ട്. കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ അധികാരമേറ്റതിനുശേഷം അദ്ദേഹത്തിന്റെ ആദ്യ ഇന്ത്യാ സന്ദർശനമാണിത്. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറിന്റെ പശ്ചാത്തലത്തിൽ, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി സംഘടിപ്പിക്കുന്ന പരിപാടിയിൽ അദ്ദേഹം മുഖ്യപ്രഭാഷണം നടത്തും. വ്യാപാരം, നിക്ഷേപം, പ്രതിരോധം, സുരക്ഷ, പുനരുപയോഗ ഊർജ്ജം തുടങ്ങിയ പരസ്പര താൽപ്പര്യ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനും ഇന്ത്യ-ബെൽജിയം പങ്കാളിത്തം കൂടുതൽ ശക്തമാക്കുന്നതിനും സന്ദർശനം അവസരമൊരുക്കിയേക്കും.

✪✪✪

ജനസംഖ്യാ വളർച്ച, ഭാവിയിലെ ജല ആവശ്യങ്ങൾ എന്നിവയുൾപ്പെടെ നഗരവൽക്കരണം ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ച് നഗര തദ്ദേശ സ്ഥാപനങ്ങളെ ബോധവൽക്കരിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. നഗര തദ്ദേശ സ്ഥാപനങ്ങൾക്കായി സമാനമായ ചിന്തൻ ശിബിരങ്ങൾ സംഘടിപ്പിക്കാനും പ്രധാനമന്ത്രി നിർദ്ദേശിച്ചു. ജൽ ശക്തി മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിച്ച വകുപ്പുതല ഉച്ചകോടിയുടെ സമാപന സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. ജലസംരക്ഷണ സാങ്കേതികവിദ്യകളുടെ ഉപയോഗം വർധിപ്പിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കറിന്റെ മൂന്നു ദിവസത്തെ ഉക്രെയ്ൻ, പോളണ്ട് സന്ദർശനം ഇന്ന് ആരംഭിക്കും. ഉക്രെയ്ൻ വിദേശകാര്യ മന്ത്രി, പോളണ്ട് ഉപപ്രധാനമന്ത്രി എന്നിവരുമായി ഡോ. ജയശങ്കർ ഉഭയകക്ഷി ചർച്ച നടത്തും.

✪✪✪

യൂറോപ്യൻ യൂണിയൻ, ലോകബാങ്ക്, IMF, മറ്റ് പ്രമുഖ സമ്പദ്‌വ്യവസ്ഥകൾ എന്നിവയുമായി സാമ്പത്തിക സഹകരണം ശക്തിപ്പെടുത്തുന്നതിന് ഇന്ത്യ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. ആഷ്‌വില്ലിൽ G-20 യോഗത്തിൽ പങ്കെടുക്കുകയായിരുന്നു അവർ. കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും, വിതരണ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിനും, അത്യാധുനിക സാങ്കേതികവിദ്യകൾ ലഭ്യമാക്കുന്നതിനും ശ്രമങ്ങളുടെ ഭാഗമായാണ് യോഗം. യൂറോപ്യൻ യൂണിയൻ

സാമ്പത്തിക-ധനകാര്യ കമ്മീഷണർ വാൽഡിസ് ഡോംബ്രോവ്സ്കിസുമായി നടന്ന കൂടിക്കാഴ്ചയിൽ, ഇന്ത്യയും യൂറോപ്യൻ യൂണിയനും തമ്മിലെ സാമ്പത്തിക-ധനകാര്യ പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും ധനമന്ത്രി ചർച്ച ചെയ്തു.

✪✪✪

റിസർവ് ബാങ്ക് ഗവർണർ സഞ്ജയ് മൽഹോത്ര, US ഫെഡറൽ റിസർവ് ചെയർമാൻ കെവിൻ വാർഷുമായും, IMF ഉദ്യോഗസ്ഥനുമായും കൂടിക്കാഴ്ചകൾ നടത്തി. നോർത്ത് കരോലിനയിൽ നടന്ന G-20 സമ്മേളനത്തോടനുബന്ധിച്ചാ യിരുന്നു കൂടിക്കാഴ്ച.

✪✪✪

രാജ്യത്ത് റോഡപകടങ്ങളും മരണങ്ങളും കുറയ്ക്കുന്നതിന് കൂടുതൽ പൊതുജന അവബോധവും, ഉത്തരവാദിത്തത്തോട് കൂടിയ ഡ്രൈവിംഗും ആവശ്യമാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി പറഞ്ഞു. ന്യൂഡൽഹിയിൽ “ഹെൽത്തി ഹൈവേസ് കോൺക്ലേവ് 2026” ൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. റോഡപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ റോഡ് സുരക്ഷ പ്രധാന ആശങ്കയായി തുടരുകയാണെന്ന് അദ്ദേഹം പറഞ്ഞു. ഓരോ വർഷവും ഏകദേശം ഒരു ലക്ഷത്തി എൺപതിനായിരം പേർക്ക് റോഡപകടങ്ങളിൽ ജീവൻ നഷ്ടപ്പെടുന്നുണ്ട്.

റോഡ് അപകടങ്ങളിൽ പെടുന്നവരുടെ ചികിത്സയ്ക്കായി ആവിഷ്ക്കരിച്ച “പ്രധാനമന്ത്രി റാഹത്ത്” പദ്ധതിയിൽ, അപകട തീയതി മുതൽ ഏഴ് ദിവസത്തേക്ക്, റോഡപകടത്തിൽ പെടുന്നവർക്ക് ഒന്നരലക്ഷം രൂപ വരെ പണരഹിത ചികിത്സയ്ക്ക് അർഹതയുണ്ടാകുമെന്നും ഗഡ്കരി പറഞ്ഞു.

✪✪✪

ഇന്ത്യ, EOS-05 ഭൗമ നിരീക്ഷണ ഉപഗ്രഹം, നാളെ വിക്ഷേപിക്കുമെന്ന് ISRO ചെയർമാൻ വി. നാരായണൻ അറിയിച്ചു. ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് പുലർച്ചെ 2:55 ന് GSLV-F17 റോക്കറ്റിലാണ് ഉപഗ്രഹം വിക്ഷേപിക്കുന്നത്. EOS-05, ജിയോസിൻക്രോണസ് ഭ്രമണപഥത്തിൽ സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ ഇമേജിംഗ് ഉപഗ്രഹമാണെന്നും, ഈ ദൗത്യം ഇന്ത്യയുടെ ഭൂമി നിരീക്ഷണ ശേഷികളെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. തിരുപ്പതിയിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ISRO ചെയർമാൻ.

സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ വിക്ഷേപണത്തിന് ക്രമീകരണങ്ങൾ പൂർത്തിയായതായി അദ്ദേഹം അറിയിച്ചു.

✪✪✪

മത്സ്യങ്ങളും ചെമ്മീനുകളും ഉൾപ്പെടെ ജലജീവികളെ ജലമില്ലാതെ ജീവനോടെ കൊണ്ടുപോകുന്നതിന്, കൊച്ചിയിലെ I C A R സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി നൂതന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തു. സാങ്കേതികവിദ്യയ്ക്ക് ഇന്ത്യൻ പേറ്റന്റ് ലഭിച്ചു. പരമ്പരാഗത ജലാധിഷ്ഠിത ഗതാഗത സംവിധാനങ്ങൾക്കും, നിലവിലെ ജലരഹിത ഗതാഗത സംവിധാനങ്ങൾക്കും ബദലായി ഉപയോഗിക്കാവുന്ന സാങ്കേതികവിദ്യയാണിത്.

കുറഞ്ഞ ചെലവിലും കുറഞ്ഞ വൈദ്യുതി ഉപയോഗത്തിലും ജലജീവികളെ ജീവനോടെ കൊണ്ടുപോകാൻ കഴിയുന്ന, സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ സംവിധാനമാണ് ഈ പുതിയ സാങ്കേതികവിദ്യ. സിഫ്റ്റിലെ ശാസ്ത്രജ്ഞരാണ് ഈ പേറ്റന്റ് സാങ്കേതിക വിദ്യയുടെ വികസനത്തിൽ പങ്കാളികളായത്.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 1,250 ആയി. ഭോട്ടെകോശി നദിയുടെ തീരത്തെ തുരങ്കങ്ങളിലും ഭൂഗർഭ വൈദ്യുത നിലയങ്ങളിലും കുടുങ്ങിക്കിടക്കുന്നവരെ കണ്ടെത്താൻ രക്ഷാപ്രവർത്തകർ ശ്രമം തുടരുകയാണ്. 11,993 പേരെ രക്ഷപ്പെടുത്തി. പ്രളയത്തിൽ കാണാതായവരുടെ കുടുംബങ്ങൾ പ്രതീകാത്മക ശവസംസ്കാര ചടങ്ങുകൾ നടത്തി. കാണാതായവരിൽ 583 പേർ വിദേശികളാണ്. ദുരന്തവും കാലാവസ്ഥാ വ്യതിയാനവും തമ്മിലെ ബന്ധം അന്താരാഷ്ട്ര സമൂഹത്തിന് മുന്നിൽ ശക്തമായി ഉന്നയിക്കണമെന്ന് പ്രധാനമന്ത്രി ബാലേന്ദ്ര ഷാ പറഞ്ഞു.

✪✪✪

ഇത്തവണത്തെ നവരാത്രി മഹോത്സവം മുൻകാലങ്ങളിലേതു പോലെ ആചാരങ്ങൾ കൃത്യമായി പാലിച്ചു നടത്തുമെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. തിരുവനന്തപുരത്ത് നവരാത്രി മഹോത്സവവുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത അവലോകന യോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു മന്ത്രി.

വിവാദങ്ങളും പ്രശ്നങ്ങളുമില്ലാത്ത നവരാത്രി ആഘോഷമായിരിക്കും ലക്ഷ്യമെന്നും, അതിനായി പ്രവർത്തനങ്ങൾക്ക് പ്രവർത്തനങ്ങൾക്ക് ശ്രമിക്കണമെന്നും ചടങ്ങിൽ പങ്കെടുത്ത മന്ത്രി കെ.മുരളീധരൻ പറഞ്ഞു.

മന്ത്രിമാരായ പി.സി.വിഷ്ണുനാഥ്, ഒ.ജെ.ജെനീഷ്, എന്നിവരും യോഗത്തിൽ പങ്കെടുത്തു.

✪✪✪

മാനവ വിഭവ ശേഷി ലഭ്യമാക്കുന്നതിന് പകരം, സ്വന്തമായി സാങ്കേതികവിദ്യയും, ഉത്പന്നങ്ങളും നിർമിക്കുന്ന തലത്തിലേക്ക് സംസ്ഥാനം വളരണമെന്ന് മന്ത്രി പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞു. 'അടൽ എസ്റ്റാബ്ലിഷ്ഡ് ഇൻകുബേഷൻ സെന്റർ', തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആൻഡ് മാനേജ്മെന്റ് കേരള ക്യാംപസിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഐടി മേഖലയിലും സോഫ്റ്റ്വെയർ രംഗത്തും കേരളം വിപ്ലവം സൃഷ്ടിച്ചിട്ടുണ്ടെങ്കിലും, പുതിയ കാലഘട്ടത്തിൽ വെറും സേവനദാതാക്കളായി തുടരാനാവില്ലെന്ന് അദ്ദേഹം പറഞ്ഞു. ഇന്റലക്ച്വൽ പ്രോപ്പർട്ടി, ഡീപ് ടെക് ഉത്പന്നങ്ങൾ, സെമികണ്ടക്ടറുകൾ, അഡ്വാൻസ്ഡ് ഇലക്ട്രോണിക്സ്, ചിപ്പ് സിസ്റ്റം ഡിസൈൻ എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്തണമെന്നും മന്ത്രി നിർദേശിച്ചു.

✪✪✪

സംസ്ഥാനത്തിന്റെ ദീർഘകാല വികസന സാധ്യതകളും ഭാവി വെല്ലുവിളികളും ചർച്ച ചെയ്യുന്നതിന്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് സംഘടിപ്പിക്കുന്ന രണ്ടു ദിവസത്തെ 'റീ ഇമാജിനിങ് കേരളം' ശിൽപശാല നാളെയും മറ്റന്നാളും IIM ക്യാമ്പസിൽ നടക്കും. മുഖ്യമന്ത്രി വി.ഡി. സതീശനും എല്ലാ മന്ത്രിമാരും പരിപാടിയിൽ പങ്കെടുക്കും.

കേരളത്തിന്റെ ഭാവി വികസനത്തിന് പുതിയ ആശയങ്ങളും, തന്ത്രപരമായ സമീപനങ്ങളും രൂപപ്പെടുത്തുന്നതിന് സംവാദ വേദിയായാണ് പരിപാടി സംഘടിപ്പിക്കുന്നത്. കോഴിക്കോട് IIM ലെ അധ്യാപകരോടൊപ്പം, ജപ്പാനിലെ കിയോ സർവകലാശാല, കിംഗ്സ് കോളേജ് ലണ്ടൻ എന്നിവിടങ്ങളിലെ വിദഗ്ധരും സെഷനുകൾ നയിക്കും. ആരോഗ്യവും ക്ഷേമവും സംബന്ധിച്ച പ്രത്യേക സെഷന്, അരവിന്ദ് ഐ കെയർ സിസ്റ്റം ചീഫ് മെഡിക്കൽ ഓഫീസറും, ഡയറക്ടർ ഓഫ് പ്രോജക്ട്സുമായ ഡോ. അരവിന്ദ് ശ്രീനിവാസൻ, നാരായണ ഹെൽത്ത് ചെയർമാൻ ഡോ. ദേവി ഷെട്ടി എന്നിവർ നേതൃത്വം നൽകും.

✪✪✪

ഏഷ്യ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ, ഗ്രൂപ്പ് 'എ' യിലെ രണ്ടാമത്തെ മത്സരത്തിൽ ഇന്ത്യ ഇന്ന് ഹോങ്കോങ്ങിനെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടിന് യുഎഇയിലെ ദുബായ് ഇന്റർനാഷണൽ സ്റ്റേഡിയത്തിലാണ് മത്സരം. ഞായറാഴ്ച ദുബായിൽ നടന്ന മത്സരത്തിൽ ഇന്ത്യ തായ്ലൻഡിനെ 94 റൺസിന് പരാജയപ്പെടുത്തി മികച്ച വിജയം നേടിയിരുന്നു.

ഇന്നലെ ദുബായിൽ നടന്ന ഗ്രൂപ്പ് 'ബി' മത്സരത്തിൽ ശ്രീലങ്ക ഇന്തോനേഷ്യയെ 75 റൺസിന് പരാജയപ്പെടുത്തി. നിശ്ചിത 20 ഓവറിൽ ഏഴ് വിക്കറ്റ്

നഷ്ടത്തിൽ 124 റൺസ് നേടിയ ശ്രീലങ്ക, മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്തോനേഷ്യയെ 18.3 ഓവറിൽ വെറും 49 റൺസിന് പുറത്താക്കി.

✪✪✪

ഹ്യുണ്ടായ് വേൾഡ് ആർച്ചറി പാരാ സീരീസിന് മറ്റന്നാൾ ഇന്ത്യ ആദ്യമായി ആതിഥേയത്വം വഹിക്കും. അഹമ്മദാബാദിലെ സബർമതി നദീതീരത്താണ് അഞ്ച് ദിവസത്തെ മത്സരം. 20 രാജ്യങ്ങളിൽ നിന്ന് 100-ലധികം അത്‌ലറ്റുകൾ പങ്കെടുക്കും. ജൂൺ 30 മുതൽ ജൂലൈ 4 വരെ ബാങ്കോക്കിലും ചെക്കിയയിലെ നോവ് മെസ്റ്റോയിലും നടന്ന മത്സരങ്ങൾക്ക് ശേഷം പരമ്പരയുടെ മൂന്നാം ഘട്ടമാണിത്. അടുത്തമാസം ചിലിയിലെ സാന്റിയാഗോയിലാണ് നാലാമത്തെയും അവസാനത്തെയും ഘട്ടം. നാളെയാണ് ടൂർണമെന്റിന്റെ ഔദ്യോഗിക ഉദ്ഘാടനം.

✪✪✪

ശബരിമലയിൽ കന്നിമാസ പൂജയോടനുബന്ധിച്ച് ദർശനം നടത്തുന്നതിന്, ഓൺലൈൻ വെർച്വൽ ക്യൂ ബുക്കിംഗ് ആരംഭിച്ചു. sabarimalaonline.org എന്ന വെബ്സൈറ്റ് വഴിയാണ് ബുക്കിംഗ്. ഈ മാസം 16 നാണ് നട തുറക്കുന്നത്.

✪✪✪

കോഴിക്കോട് ചേവായൂരിൽ വിൽപ്പനക്കായി സൂക്ഷിച്ച 16.05 ഗ്രാം MDMA-യുമായി ഓട്ടോ ഡ്രൈവർ പിടിയിലായി. കുണ്ടുങ്ങൽ സ്വദേശി, അഹമ്മദ് ബാസികിനെയാണ് ഡാൻസാഫും, ചേവായൂർ പോലീസും ചേർന്ന് പിടികൂടിയത്.

✪✪✪

ഓപ്പറേഷൻ തൂഫാൻ നാർക്കോ ഹണ്ടിന്റെ ഭാഗമായി കൊച്ചി നഗരത്തിൽ അഞ്ച് കിലോ കഞ്ചാവുമായി ഒഡിഷ സ്വദേശിയെ പിടികൂടി. റായ്ഗാഡ സ്വദേശി ഗന്ദർപ ഖുറയെയാണ് അറസ്റ്റ് ചെയ്തത്.

✪✪✪

തിരുവനന്തപുരം ജില്ലയിലെ അമൃതം ന്യൂട്രിമിക്സ് നിർമാണ യൂണിറ്റുകളിൽ സംസ്ഥാന ഭക്ഷ്യ കമ്മീഷൻ അംഗം സബിത ബീഗത്തിന്റെ നേതൃത്വത്തിൽ പരിശോധന നടത്തി. ആമച്ചൽ, കള്ളിക്കാട്, കുറ്റിച്ചൽ, വെങ്ങാനൂർ എന്നീ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന അമൃതം ന്യൂട്രിമിക്സ് നിർമാണ യൂണിറ്റുകളിലായിരുന്നു പരിശോധന. പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ അടിയന്തരമായി പരിഹരിക്കാൻ യൂണിറ്റുകൾക്ക് നിർദേശം നൽകി.

✪✪✪

ശ്രീരാമകൃഷ്ണ മഠത്തിലെ മുൻ മഠാധിപതി, സ്വാമി ഗോലോകാനന്ദജി മഹാരാജ് തിരുവനന്തപുരത്ത് സമാധിയായി. 94 വയസായിരുന്നു.

മദ്രാസിലും, പിന്നീട് കേരളത്തിലെ തിരുവനന്തപുരം, കോഴിക്കോട്, കൊയിലാണ്ടി, ഹരിപ്പാട് ശ്രീരാമകൃഷ്ണ മഠങ്ങളുടെയും ആശ്രമങ്ങളുടെയും പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായിരുന്നു.

അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഭാരതീയ വിചാരകേന്ദ്രം അനുശോചിച്ചു. കേരളത്തിലെ ശ്രീരാമകൃഷ്ണ- വിവേകാനന്ദ പരമ്പരയിലെ അത്യന്തം ശ്രദ്ധേയരായ സന്യാസി ശ്രേഷ്ഠന്മാരിൽ ഒരാളായിരുന്നു സ്വാമി ഗോലോകാനന്ദജിയെന്ന് വിചാര കേന്ദ്രം ഡയറക്ടർ ആർ. സഞ്ജയൻ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ദേശാഭിമാനി തിരൂർ ലേഖകനും എഡിറ്റർ ലൈവ് ചാനൽ എഡിറ്ററുമായിരുന്ന വിനോദ് തലപ്പള്ളി അന്തരിച്ചു. 55 വയസ്സായിരുന്നു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് ഒരു മണിക്ക്  തിരൂർ മുത്തൂരിലെ വീട്ടുവളപ്പിൽ നടത്തും.

✪✪✪

*News Editor :  പി ചന്ദ്രബാബു*
*News Reader:  സബിത കെ,*
*News Team: രജ്ന കെ*
*DEO: സി കെ സുബോധ്*

आकाशवाणी